സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 213 2025 ഡിസംബർ 02 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ബെംഗളൂരുവിൽനിന്നെത്തിയ ബസിൽനിന്ന് പിടികൂടിയത് ലക്ഷക്കണക്കിന് രൂപയുടെകള്ളപ്പണം; 2പേർ കസ്റ്റഡിയിൽ

കോട്ടയം: അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യബസിൽ കടത്തിയ ലക്ഷക്കണക്കിന് രൂപയുടെ കള്ളപ്പണം പിടികൂടി. സംഭവത്തിൽ രണ്ട് ബെംഗളൂരു സ്വദേശികളെ കസ്റ്റഡിയിലെടുത്തു. കുറവിലങ്ങാട് എം.സി. റോഡിൽ എക്സൈസ് നടത്തിയ വാഹനപരിശോധനയ്ക്കിടെയാണ് ബസിൽ കടത്തിയ കള്ളപ്പണം പിടികൂടിയത്.ബെംഗളൂരുവിൽനിന്ന് പത്തനാപുരത്തേക്ക് സർവീസ് നടത്തുന്ന ജെഎസ്ആർ ബസിൽനിന്നാണ് ബാഗിൽ സൂക്ഷിച്ചനിലയിൽ ലക്ഷക്കണക്കിന് രൂപയുടെ കള്ളപ്പണം കണ്ടെടുത്തത്. ഇതിനുപിന്നാലെ ബസിലുണ്ടായിരുന്ന രണ്ട് ബെംഗളൂരു സ്വദേശികളെയും കസ്റ്റഡിയിലെടുക്കുകയായിരുന്നു.

നാടൻ കോഴിക്കറി, ഇഡലിയും ദോശയും ഉപ്പുമാവും ഒപ്പം കാപ്പിയും, അധികാരത്തോടുള്ള 'വിശപ്പ് മറികടക്കാൻ'

ബെംഗളൂരു: നാടൻ കോഴിക്കറി, ഇഡലിയും ദോശയും ഉപ്പുമാവും ഒപ്പം ആവിപറക്കുന്ന കാപ്പിയും, അധികാരത്തോടുള്ള വിശപ്പ് മറികടക്കാൻ വീണ്ടും ഒന്നിച്ചിരുന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറും. ഇന്ന് രാവിലെയോടെയാണ് സിദ്ധരാമയ്യ, ഡി.കെ ശിവകുമാറിന്റെ വസതിയിൽ പ്രാതലിനെത്തിയത്.

ആദ്യം ബെംഗളൂരു റൂറൽ എം.പിയായ ഡി.കെ. സുരേഷിന്റെ നേതൃത്വത്തിൽ പൂക്കൂട കൈമാറിയും ഷാളണിയിച്ചും സ്വീകരണം. പിന്നാലെ, പ്രാതലിലേക്ക്, വീട്ടിലുണ്ടാക്കിയ വിഭസമൃദ്ധമായ ഭക്ഷണത്തിനൊപ്പം ചൂടേറിയ ചർച്ചയും കാപ്പിയും.

കഴിഞ്ഞ ദിവസമാണ് കൂടിക്കാഴ്ച സംബന്ധിച്ച് വിവരങ്ങൾ വെളിപ്പെടുത്തി ഡി.കെ സമൂഹമാധ്യമമായ എക്സിൽ കുറിപ്പ് പങ്കുവെച്ചത്. മുഖ്യമന്ത്രിയെ വീട്ടിലേക്ക് പ്രാതലിന് ക്ഷണിച്ചിട്ടുണ്ടെന്നും ഇരുവരും ഒരുമിച്ച് ഒറ്റക്കെട്ടായി നീങ്ങുന്നത് ചർച്ചചെയ്യാനും കർണാടകയിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ യോജിച്ചുള്ള ശ്രമങ്ങൾ അരക്കിട്ടുറപ്പിക്കാനുമാണ് ചർച്ചയെന്നും ഡി.കെ വ്യക്തമാക്കിയിരുന്നു.

ശനിയാഴ്ച സിദ്ധരാമയ്യയുടെ ക്ഷണം സ്വീകരിച്ച് ഡി.കെ അദ്ദേഹത്തിന്റെ വസതിയിൽ പ്രാതലിനെത്തിയിരുന്നു. തുടർന്ന്, അധികാരത്തർക്കത്തിൽ വിട്ടുവീഴ്ചയുണ്ടാവുന്നുവെന്ന സന്ദേശം നൽകി ഇരുവരും ഒന്നിച്ച് വാർത്തസമ്മേളനം നടത്തുകയും ചെയ്തു. തങ്ങൾക്കിടയിൽ ഭിന്നതയില്ലെന്നും കർണാടകയുടെ ക്ഷേമമാണ് ലക്ഷ്യമെന്നുമായിരുന്നു പ്രതികരണം.അധികാരമാറ്റമടക്കം വിഷയങ്ങളിൽ ഹൈകമാൻഡിന്റെ നിർദേശങ്ങൾ അംഗീകരിക്കുമെന്നും ഇരുവരും വ്യക്തമാക്കി.

ഇന്ന് പ്രാതൽ ചർച്ചക്ക് ശേഷവും ഇതേ വാക്കുകൾ സിദ്ധരാമയ്യ ആവർത്തിച്ചു. തങ്ങൾ ഇരുവർക്കുമിടയിൽ ഭിന്നതയില്ലെന്നും ഹൈകമാൻഡ് തീരുമാനിച്ച് നിർദേശിക്കുന്നത് അനുസരിക്കുമെന്നും സിദ്ധരാമയ്യ പറഞ്ഞു.

കഴിഞ്ഞ ദിവസം സിദ്ധരാമയ്യയുടെ ക്ഷണം സ്വീകരിച്ച ഡി.കെ. ശിവകുമാർ അദ്ദേഹത്തിന്റെ വസതിയിൽ പ്രാതലിനെത്തിയിരുന്നു. തുടർന്ന് മാധ്യമങ്ങളെ കണ്ട ഇരുവരും നേതൃമാറ്റമടക്കം വിഷയങ്ങളിൽ ഹൈകമാൻഡ് തീരുമാനം അംഗീകരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രി പദത്തിനായി ഡി.കെ. ശിവകുമാറും സിദ്ധരാമയ്യയും തമ്മിൽ വടംവലി കനക്കുന്നതിനിടെ സംസ്ഥാന ഭരണം അടിമുടി താളംതെറ്റിയതായി ആരോപിച്ച് ബി.ജെ.പിയടക്കം പ്രതിപക്ഷ കക്ഷികൾ രംഗത്തെത്തിയിരുന്നു. എന്നാൽ, തിങ്കളാഴ്ച മാധ്യമങ്ങളോട് സംസാരിച്ച ഡി.കെ.ശിവകുമാർ ഈ ആരോപണങ്ങളെ തള്ളി. സംസ്ഥാനത്ത് മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും തമ്മിൽ സ്വരച്ചേർച്ചയില്ലെന്നും പ്രതിപക്ഷത്തിന്റേത് അടിസ്ഥാന രഹിതമായ ആരോപണങ്ങളാണെന്നും ഡി.കെ വ്യക്തമാക്കി.

ഇരുവരും തമ്മിലുള്ള അധികാരവടംവലി തലവേദനയായതോടെയാണ് വിഷയത്തിൽ ദേശീയ നേതൃത്വം ഇടപെട്ടത്. തുടർന്ന്, ഹൈകമാൻഡ് നിർദേശമനുസരിച്ചായിരുന്നു ശനിയാഴ്ച സിദ്ധരാമയ്യയുടെ വസതിയിലെ പ്രാതൽ ചർച്ച. 2028 തെരഞ്ഞെടുപ്പാണ് അജണ്ടയായതെന്നായിരുന്നു കൂടിക്കാഴ്ചക്ക് പിന്നാലെ സിദ്ധരാമയ്യയുടെ വിശദീകരണം. '2028 തെരഞ്ഞെടുപ്പായിരുന്ന ഞങ്ങളുടെ അജണ്ട. തദ്ദേശ തെരഞ്ഞെടുപ്പുകൾക്കും വലിയ പ്രാധാന്യമുണ്ട്. വരുന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനെ ഭരണത്തിലേക്ക് തിരിച്ചെത്തിക്കുന്നതാണ് ചർച്ചയായത്. ഒന്നിച്ച് മുന്നോട്ടുപോകാൻ ഞങ്ങൾ തമ്മിൽ ധാരണയിലായി. ഞങ്ങൾക്കടിയിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നും നിലവിലില്ല, ഭാവിയിൽ ഉണ്ടാവുകയുമില്ല'– സിദ്ധരാമയ്യ പറഞ്ഞു. വിഷയത്തിൽ അന്തിമ തീരുമാനം ഹൈക്കമാൻഡിന്റേത് ആണെന്നും താനായാലും ശിവകുമാറായാലും ഹൈക്കമാന്റ് തീരുമാനം അംഗീകരിക്കുമെന്നും സിദ്ധരാമയ്യ വ്യക്തമാക്കിയിരുന്നു. പിന്നീട് സമൂഹമാധ്യമത്തിൽ ഡി.കെ ശിവകുമാറും സമാന നിലപാടുകൾ ആവർത്തിച്ചു.

2023ലെ തെരഞ്ഞെടുപ്പ് വിജയത്തിന് ശേഷം രണ്ടര വർഷം വീതം മുഖ്യമന്ത്രി സ്ഥാനം വീതംവെക്കാമെന്ന് തീരുമാനിച്ചിരുന്നു എന്നാണ് ശിവകുമാർ പക്ഷത്തിന്റെ വാദം. ഇക്കാര്യം സ്ഥിരീകരിക്കാൻ നേതൃത്വം തയാറായിരുന്നില്ല. നിലവിൽ സിദ്ധരാമയ്യ രണ്ടര വർഷം പൂർത്തിയായ സാഹചര്യത്തിൽ മാറി തനിക്ക് മുഖ്യമന്ത്രി പദം നൽകണം എന്നാണ് ശിവകുമാർ ആവശ്യപ്പെട്ടിരുന്നത്.

എന്നാൽ, ഇരുവർക്കുമിടയിൽ അധികാരകൈമാറ്റമടക്കം വിഷയങ്ങളിൽ ഒത്തുതീർപ്പ് ഫോർമുലകൾ ഇനിയും അന്തിമമായിട്ടില്ലെന്നാണ് രാഷ്ട്രീയ കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നത്. പടിപടിയായി ഡി.കെ ശിവകുമാറിനെ ഉയർന്ന പദവികളിൽ എത്തിക്കാൻ ധാരണയായി എന്നാണ് നിലവിൽ ഇതുസംബന്ധിച്ച് പുറത്തുവരുന്ന വിവരങ്ങൾ. ഇന്ന് പ്രാതൽ ചർച്ചയിലും ഇരുവിഭാഗത്തിന്റെയും നിർണായക ആവശ്യങ്ങൾ ചർച്ചയായതായാണ് റിപ്പോർട്ടുകൾ. വരുംദിവസങ്ങളിൽ കൂടുതൽ ചർച്ചകളിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കാനുള്ള ശ്രമം തുടരാനാണ് ഇരുവരോടും ഹൈകമാൻഡ് ആവശ്യപ്പെട്ടിരിക്കുന്നത്.

എസ്ഐആറിൽ ചർച്ച ആവശ്യപ്പെട്ട് രണ്ടാംദിനം പ്രതിപക്ഷ പ്രതിഷേധം

ന്യൂഡൽഹി: പാർലമെന്റ് ശീതകാല സമ്മേളനത്തിന്റെ രണ്ടാം ദിനവും പ്രതിഷേധവുമായി പ്രതിപക്ഷം. സമ്മേളനം ആരംഭിക്കുന്നതിന് മുമ്പ്, തീവ്ര വോട്ടർപട്ടിക പരിഷ്കരണം (എസ്ഐആർ) സംബന്ധിച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാക്കൾ പാർലമെന്റിന്റെ മകർ ദ്വാറിന് മുന്നിലാണ് പ്രതിഷേധ പ്രകടനം നടത്തിയത്.

എസ്ഐആർ വിഷയം ഉന്നയിച്ച് 'വോട്ട് ചോർ, ഗദ്ദി ഛോട്' (വോട്ട് കള്ളൻ, സിംഹാസനം വിടൂ) എന്ന മുദ്രാവാക്യം വിളിച്ചായിരുന്നു പ്രതിഷേധം. കോൺഗ്രസ് നേതാക്കളായ സോണിയാ ഗാന്ധി, മല്ലികാർജുൻ ഖാർഗെ, രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി എന്നിവരുൾപ്പടെ നൂറോളം എംപിമാർ പ്രകടനത്തിൽ പങ്കെടുത്തു.

തിങ്കളാഴ്ച ആരംഭിച്ച് ഡിസംബർ 19 വരെ നീണ്ടുനിൽക്കുന്ന ലോക്സഭ സമ്മേളനത്തിന്റെ ആദ്യ ദിവസവും പ്രതിപക്ഷ എംപിമാർ പ്രതിഷേധിച്ചിരുന്നു. ഇതേത്തുടർന്ന് തിങ്കളാഴ്ച ലോക്സഭ പലതവണ നിർത്തിവച്ചിരുന്നു.

2025–ലെ ശീതകാല സമ്മേളനത്തിൽ എസ്ഐആർ, ഡൽഹിയിലെ ചെങ്കോട്ട സ്ഫോടനം, ഡൽഹി വായു മലിനീകരണം തുടങ്ങിയ വിഷയങ്ങൾ പ്രതിപക്ഷം ഉന്നയിക്കുന്നുണ്ട്. 13 നിയമ ബില്ലുകളും ഒരു സാമ്പത്തിക ബില്ലും അവതരിപ്പിക്കാൻ സർക്കാർ പദ്ധതിയിടുന്നു.

അതിനിടെ, പാർലമെന്റിനെ ചിലർ തിരഞ്ഞെടുപ്പുകൾക്ക് തയ്യാറെടുക്കാനുള്ള വേദിയായും പരാജയത്തിന്റെ ക്ഷീണം മാറ്റാനുള്ള വഴിയായും ഉപയോഗിക്കുകയാണെന്ന് ഇന്നലെ പ്രധാനമന്ത്രി മോദി പറഞ്ഞിരുന്നു. സമ്മേളനം രാഷ്ട്രീയ നാടകങ്ങൾക്കുള്ള വേദിയായി മാറരുത്, മറിച്ച് സൃഷ്ടിപരവും ഫലപ്രാപ്തിയുള്ളതുമായ ചർച്ചകൾക്കുള്ള വേദിയായി മാറണമെന്ന് മോദി പറഞ്ഞിരുന്നു.

ജനങ്ങളുടെ ആവശ്യങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നതെന്ന് പ്രിയങ്കാ ഗാന്ധി മോദിക്ക് മറുപടി നൽകി.

ബസുകൾ തമ്മിൽ കൂട്ടിയിടിച്ച് അപകടം : 4 പേർക്ക് പരിക്ക്

ഒല്ലൂർ: ഒല്ലൂരിൽ സ്കൂൾ ബസും കെ എസ് ആർ ടി സി ബസും തമ്മിൽ കൂട്ടിയിടിച്ച് അപകടം. കൊട്ടാരക്കര – പാലക്കാട് റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ എസ് ആർ ടി സി ബസും തൃശൂർ കാലടിയൻ സിറിയൻ സ്കൂളിലെ ബസുമാണ് അപകടത്തിൽപ്പെട്ടത്. സ്കൂൾ ബസ് വിദ്യാർത്ഥികളെ കയറ്റാൻ പോവുബോഴാണ് അപകടം. അപകടത്തിൽ സ്കൂൾ ബസ് ഡ്രൈവർ സോജി, വിദ്യാർത്ഥികളായ ബിജോയ്, ആൽബിൻ, കെ എസ് ആർ ടി സി ബസ് യാത്രക്കാരി ജാസ്മീൻ എന്നിവർക്ക് നിസാര പരിക്കേറ്റു

ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് തിരുവനന്തപുരത്ത്; സ്ഥലം അനുവദിക്കാൻ അനുമതിനൽകി സുപ്രീം കോടതി

ന്യൂ ഡൽഹി: തിരുവനന്തപുരം കാട്ടാക്കടയിലെ നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലെ 180 ഏക്കർ ഭൂമി ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് കൈമാറാൻ സുപ്രീം കോടതി അനുമതി നൽകി. ഡിആർഡിഒയ്ക്ക് ഭൂമി കൈമാറാൻ ആണ് സുപ്രീം കോടതി കേരള സർക്കാരിന് അനുമതി നൽകിയത്. നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലെ 32 ഏക്കർ ഭൂമി നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കാനായി നൽകാനും സുപ്രീം കോടതി അനുമതി നൽകി. ഇതിനുപുറമെ സശസ്ത്ര സീമ ബൽ ബറ്റാലിയന്റെ ഹെഡ് ക്വാട്ടേഴ്സ് സ്ഥാപിക്കാൻ 32 ഏക്കർ ഭൂമി കൈമാറാനും സംസ്ഥാന സർക്കാരിന് സുപ്രീം കോടതി അനുമതി നൽകി.

ബ്രഹ്മോസ് എയ്റോ സ്പേസ് ട്രിവാൻഡ്രം ലിമിറ്റഡിന്റെ വികസനത്തിന്റെ ഭാഗമായി ഭൂമി അനുവദിക്കണമെന്ന് കേരള സർക്കാരിനോട് ഡിആർഡിഒ ആവശ്യപ്പെട്ടിരുന്നു. അത്യാധുനിക മിസൈൽ നിർമ്മാണത്തിനും തന്ത്രപ്രധാനമായ ഹാർഡ്‌വെയർ നിർമ്മാണത്തിനുമായുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ഡിആർഡിഒ ഭൂമി ഭൂമി ആവശ്യപ്പെട്ടത്. ബ്രഹ്മോസ് എയ്റോസ്പേസ് ട്രിവാൻഡ്രം ലിമിറ്റഡിനെ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനേക്കുറിച്ചും കേന്ദ്ര സർക്കാർ ആലോചിക്കുന്നുണ്ട്.

സശസ്ത്ര സീമ ബലിന്റെ ബറ്റാലിയൻ ഹെഡ് ക്വാട്ടേഴ്സ് കേരളത്തിൽ ആരംഭിക്കണമെന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ദീർഘകാല ആവശ്യമാണ്. ബറ്റാലിയൻ ഹെഡ് ക്വാട്ടേഴ്സ് നിലവിൽ വരുന്നതോടെ കേരളത്തിൽ കേന്ദ്ര സേനയുടെ സ്ഥിരം സാന്നിധ്യം ഉണ്ടാകും. ഇത് ദേശസുരക്ഷ ശക്തമാക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയും കേരളത്തിനെ സംബന്ധിച്ച് നിർണായകമാണ്.

ചാവേറായി യുവതി; ബാരിക്കേഡിനടുത്തുവെച്ച് പൊട്ടിത്തെറിച്ച് 6 പാക് സൈനികരെ വധിച്ചു;

കറാച്ചി: വനിതാ ചാവേറിനെ ഉപയോഗിച്ച് ബലൂച് ലിബറേഷൻ ഫ്രണ്ട് (ബിഎൽഎഫ്) നടത്തിയ ആക്രമണത്തിൽ ആറ് പാകിസ്താൻ സൈനികർ കൊല്ലപ്പെട്ടു. ഇതാദ്യമായാണ് ബിഎൽഎഫ് വനിതാ ചാവേറിനെ ആക്രമണത്തിനായി ഉപയോഗിക്കുന്നത്. ബലൂചിസ്ഥാനിലെ ചഗായിയിലെ ഫ്രണ്ടിയർ കോർപ്സിന്റെ ഉടമസ്ഥതയിലുള്ളതും ചൈനീസ് ചെമ്പ്–സ്വർണ ഖനന പദ്ധതി കേന്ദ്രം പ്രവർത്തിക്കുന്നതുമായ കെട്ടിടമാണ് ആക്രമിച്ചത്. അതീവ സുരക്ഷയിൽ പ്രവർത്തിക്കുന്ന കെട്ടിടമാണിത്.

സറീന റഫീഖ് എന്ന ട്രാംഗ് മഹൂ ആണ് സ്വയം പൊട്ടിത്തെറിച്ചത്. ചാവേറിന്റെ ചിത്രം ബിഎൽഎഫ് പുറത്തുവിട്ടു. വിമത പോരാളികൾക്ക് പ്രധാന കോമ്പൗണ്ടിലേക്ക് കടക്കാൻ വഴിയൊരുക്കുന്നതിനായി ബാരിക്കേഡ് വെച്ച് സറീന സ്വയം പൊട്ടിത്തെറിക്കുകയായിരുന്നുവെന്നാണ് വിവരം. ഈ മേഖലയിൽ ജാഫർ എക്സ്പ്രസ് ഹൈജാക്ക് ഉൾപ്പെടെ ഒട്ടേറെ ആക്രമണങ്ങൾ നടത്തിയ മറ്റൊരു ബലൂച് ദേശീയവാദ ഗ്രൂപ്പായ ബിഎൽഎയുടെ അതേ ചാവേർ തന്ത്രം ബിഎൽഎഫും പ്രയോഗിച്ചു എന്നതിനാൽ ഈ സംഭവം പ്രാധാന്യമർഹിക്കുന്നു.

ബിഎൽഎഫിന്റെ ജീവൻ ബലിയർപ്പിക്കാൻ തയ്യാറായവരുടെ കൂട്ടമായ 'സാദോ ഓപ്പറേഷൻ ബറ്റാലിയനാ'ണ് (എസ്ഒബി) ഈ ഓപ്പറേഷൻ നടത്തിയതെന്ന് വക്താവ് ഗ്വാഹ്റാം ബലൂച് ടെലിഗ്രാമിൽ പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു.

ചൈനീസ് കമ്പനികളും ഒരു കനേഡിയൻ സ്ഥാപനവും കൈകാര്യം ചെയ്യുന്ന സൈൻഡാക്ക്, റെക്കോ ഡിക് ഖനന പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥാപനമാണ് തകർത്തത്. ഉയർന്ന മൂല്യമുള്ള ആസ്തികൾ ആക്രമിക്കുന്നതിലേക്കുള്ള വിമതരുടെ ചുവടുമാറ്റമായിട്ടാണ് ഈ ആക്രമണത്തെ വിലയിരുത്തുന്നത്.

പനി ബാധിച്ച് യുവതി മരിച്ചു

അന്തിക്കാട്: പനി ബാധിച്ച് യുവതി മരിച്ചു. പടിയം ആലകോറോട്ട് സുവിൻ ഭാര്യ ധന്യ (34) യാണ് മരിച്ചത്. സംസ്കാരം ഇന്ന് രാവിലെ 10 ന് ആനക്കാട് ശ്മശാനത്തിൽ. മക്കൾ: വൈഷ്ണവി,, വൈഗ, മാതാവ്: തങ്ക. പിതാവ് : ദാസൻ. സഹോദരൻ: ധനേഷ്.

രാഹുൽ മാങ്കൂട്ടത്തിലിന്റെഒളിയിടം കണ്ടെത്തി, പോലീസ് എത്തുംമുൻപ് രക്ഷപ്പെട്ടു

ബെംഗളൂരു: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ തമിഴ്നാട്–കർണാടക അതിർത്തിയായ ബാഗലൂരുവിൽ ഉണ്ടായിരുന്നതായി പോലീസ് കണ്ടെത്തി. പോലീസ് എത്തുന്നതിന് തൊട്ടുമുമ്പ് രാഹുൽ കർണാടകയിലേക്ക് കടന്നതായും പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്. ബുധനാഴ്ചയാണ് രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത്. പാലക്കാട്ടുനിന്ന് ചുവന്ന പോളോ കാറിലാണ് രാഹുൽ രക്ഷപ്പെട്ടതെന്ന് പോലീസ് നേരത്തെ കണ്ടെത്തിയിരുന്നു. എന്നാൽ എവിടേക്കാണ് രാഹുൽ കടന്നത് എന്ന് കണ്ടെത്താനായിരുന്നില്ല. കഴിഞ്ഞദിവസം രാവിലെയാണ് ഹൊസൂരിന് സമീപത്തുള്ള ബാഗലൂരുവിലെ രാഹുലിന്റെ ഒളിയിടം പോലീസ് കണ്ടെത്തിയത്. ഉടനെ കോയമ്പത്തൂരിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന സംഘം ബാംഗലൂരുവിലേക്ക് തിരിക്കുകയായിരുന്നു. എന്നാൽ, പോലീസ് എത്തുന്നതിന് തൊട്ടുമുമ്പ് രാഹുൽ ഇവിടെനിന്ന് രക്ഷപ്പെട്ടു. കർണാടകയിലേക്ക് കടന്നതായാണ് വിവരം.

കശുവണ്ടി ഇറക്കുമതി: കള്ളപ്പണക്കേസിൽ കൊല്ലത്തെ വ്യവസായിക്ക് മുൻകൂർജാമ്യം നിഷേധിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: കശുവണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട കള്ളപ്പണ ഇടപാട് കേസിൽ വ്യവസായി അനീഷ് ബാബുവിന് സുപ്രീം കോടതി മുൻകൂർ ജാമ്യം നിഷേധിച്ചു. ജസ്റ്റിസുമാരായ ദിപാങ്കർ ദത്ത, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരടങ്ങിയ ബെഞ്ചാണ് മുൻകൂർ ജാമ്യാപേക്ഷ തള്ളിയത്. കേസ് ഒതുക്കാൻ ഇഡി ഉദ്യോഗസ്ഥർ കൈക്കൂലി ചോദിച്ചെന്ന് ആരോപിച്ച് അനീഷ് ബാബു നൽകിയ പരാതിയിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ, ഈ കേസ് നിലനിൽക്കുന്നു എന്ന കാരണത്താൽ കള്ളപ്പണ ഇടപാട് കേസിൽ അനീഷ് ബാബുവിന് മുൻകൂർ ജാമ്യം അനുവദിക്കാനാകില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

ആഫ്രിക്കൻ രാജ്യമായ ടാൻസാനിയയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് കശുവണ്ടി ഇറക്കിത്തരാമെന്ന് വാഗ്ദാനം ചെയ്ത് പണം തട്ടിയെന്നാണ് അനീഷ് ബാബുവിന് എതിരായ കേസ്. ഇരുപത്തഞ്ച് കോടിയോളം രൂപയാണ് അനീഷ് ബാബു തട്ടിയെടുത്തതെന്നാണ് അന്വേഷണ ഏജൻസികൾക്ക് ലഭിച്ച പരാതി. കള്ളപ്പണ ഇടപാട് കേസുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തിൽ അനീഷ് ബാബു സഹകരിക്കുന്നില്ലെന്നാണ് ഇഡിയുടെ നിലപാട്.

അതേസമയം, കേസ് ഒതുക്കാൻ ഇ.ഡി ഉദ്യോഗസ്ഥൻ രണ്ടരക്കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടെന്നാണ് അനീഷ് ബാബുവിന്റെ പരാതി. വിജിലൻസിന് ലഭിച്ച പരാതിയിൽ ഇ.ഡി അസി. ഡയറക്ടർ ശേഖർ കുമാറിനെ ഒന്നാം പ്രതിയാക്കി കേസെടുത്തിരുന്നു.

മേയർ ആര്യാ രാജേന്ദ്രനേയും സച്ചിൻ ദേവ് എംഎൽഎയേയും ഒഴിവാക്കി കുറ്റപത്രം

തിരു : കെഎസ്ആർടിസി ബസ് തടഞ്ഞ സംഭവത്തിൽ സച്ചിൻ ദേവ് എംഎൽഎയേയും മേയർ ആര്യാ രാജേന്ദ്രനേയും ഒഴിവാക്കി പോലീസ് കുറ്റപത്രം സമർപ്പിച്ചു. മേയറുടെ സഹോദരൻ അരവിന്ദ് മാത്രമാണ് കേസിൽ പ്രതി.

2024 ഏപ്രിലിൽ ആയിരുന്നു കേസിനാസ്പദമായ സംഭവം. തിരുവനന്തപുരം പ്ലാമൂടുവെച്ച് മേയർ ആര്യ രാജേന്ദ്രനും കെഎസ്ആർടിസി ഡ്രൈവറും തമ്മിൽ വാക്കുതർക്കമുണ്ടാവുകയായിരുന്നു. മേയറും കുടുംബവും സഞ്ചരിച്ചിരുന്ന സ്വകാര്യ വാഹനത്തിന് സൈഡ് നൽകാത്തതാണ് തർക്കത്തിൽ കലാശിച്ചത്. മേയർക്കൊപ്പം ഭർത്താവ് സച്ചിൻ ദേവ് എംഎൽഎയും വാഹനത്തിലുണ്ടായിരുന്നു.

അന്നുരാത്രിതന്നെ മേയർ പോലീസിൽ പരാതി നൽകിയിരുന്നു. അപകടകരമായ രീതിയിൽ ബസ് ഓടിച്ചെന്ന് ചൂണ്ടിക്കാട്ടിയാണ് പരാതി നൽകിയത്. മേയർക്കും എംഎൽഎ സച്ചിൻദേവിനുമെതിരെ ഡ്രൈവർ അശ്ലീല ആംഗ്യം കാണിച്ചതിനും കേസുണ്ട്. സംഭവത്തിൽ കെഎസ്ആർടിസി ബസ് ഡ്രൈവർക്കെതിരേ പോലീസ് കേസെടുത്തിരുന്നു.

ആര്യ രാജേന്ദ്രന്റെ ഒപ്പമുള്ളവർ തന്നെ അസഭ്യം പറഞ്ഞുവെന്നായിരുന്നു ഡ്രൈവർ യദുവിന്റെ ആരോപണം. മേയറാണെന്ന് അറിയാതെയാണ് ആര്യയുമായി തർക്കിച്ചത്. അവർ ഇടതുവശത്തുകൂടെ ഓവർടേക്ക് ചെയ്യാൻ ശ്രമിച്ചു. സ്ഥലം ഇല്ലാത്തതുകൊണ്ടാണ് കടത്തിവിടാതിരുന്നതെന്നും പിഎംജിയിലെ വൺവേയിൽ അവർക്ക് ഓർടേക്ക് ചെയ്യാൻ സ്ഥലം നൽകാൻ സാധിക്കില്ലായിരുന്നുവെന്നുമാണ് സംഭവത്തെക്കുറിച്ച് ഡ്രൈവർ യദു അന്ന് വിശദീകരിച്ചത്.

തിരഞ്ഞെടുപ്പടുത്തപ്പോൾ വീണ്ടും ഇഡി, ഒത്തുകളി ആരോപണത്തിൽ മുന്നണികൾ; ചട്ടലംഘനമില്ലെന്ന് സർക്കാർ

തിരു: തിരഞ്ഞെടുപ്പുഘട്ടത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) മുഖ്യമന്ത്രിക്ക് നോട്ടീസ് നൽകി കളംനിറയുമ്പോൾ അതിനുപിന്നിലെ രാഷ്ട്രീയ ഒത്തുകളികളെക്കുറിച്ചുള്ള ആരോപണങ്ങളിലാണ് മുന്നണികളുടെ ഊന്നൽ. ഇഡി അന്വേഷണം മുഖ്യമന്ത്രിയിലേക്കെത്തി നോട്ടീസ് നൽകുമ്പോഴുണ്ടാകുന്ന 'കുറ്റകൃത്യ'ത്തിന്റെ ഗൗരവം ഈ നോട്ടീസിന് ഉണ്ടാകുന്നില്ലെന്നതാണ് ശ്രദ്ധേയം. പകരം, തിരഞ്ഞെടുപ്പുഘട്ടത്തിൽ ആവർത്തിച്ച് ഇഡി എത്തുന്നതിന്റെ രാഷ്ട്രീയമാണ് എൽഡിഎഫ്–യുഡിഎഫ് മുന്നണികൾ ഉന്നയിക്കുന്നത്.

'എന്തേ ഇഡി വരാത്തതെന്ന് ആലോചിക്കുകയായിരുന്നുവെന്ന്' സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ചോദിക്കുന്നതുവഴി അന്വേഷണത്തിനുപിന്നിലെ അജൻഡയാണ് പാർട്ടി ചൂണ്ടിക്കാട്ടുന്നത്. മുഖ്യമന്ത്രിക്കെതിരേ കേന്ദ്ര ഏജൻസിയുടെ അന്വേഷണംവരുമ്പോൾ പ്രതിപക്ഷത്തിന് അത് രാഷ്ട്രീയ ആയുധമാകേണ്ടതാണ്. എന്നാൽ, ഇഡിയെയും മുഖ്യമന്ത്രിയെയും ഒത്തുകളിയിലെ രണ്ടുകക്ഷികളാക്കിയുള്ള പ്രതികരണമാണ് യുഡിഎഫും നടത്തിയിട്ടുള്ളത്.

തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ കേന്ദ്ര ഏജൻസികൾ മുഖ്യമന്ത്രിയെയും ഇടതുമുന്നണിയെയും ലക്ഷ്യമിട്ട് ഇത്തരം നോട്ടീസ് നൽകുന്നതും അന്വേഷണവുമായിവരുന്നതും രാഷ്ട്രീയലക്ഷ്യത്തോടെയാണ്.

ബൈക്ക് മറിഞ്ഞ് വിദ്യാർത്ഥി മരിച്ചു

കൊടു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ടീം വർക്ക്ആരോഗ്യരംഗത്തെ പുരോഗതിക്ക് ആവശ്യം: തോമസ്സ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: കാര്യക്ഷമതയും ആത്മാർത്ഥതയുമുള്ള സമർത്ഥരായ ആരോഗ്യ മേഖലയിലെ വ്യക്തികളുടെ ഒരു നല്ല കൂട്ടായ്മ ഈ മേഖലയുടെ പുരോഗതിയ്ക്ക് ഏറെ അനിവാര്യമാണെന്ന് മുൻ സർക്കാർ ചീഫ് വിപ്പ് തോമസ്സ് ഉണ്ണിയാടൻ. പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു കാണ്ട് സംസാരിക്കുകയായിരുന്നു തോമസ്സ് ഉണ്ണിയാടൻ. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സ്റ്റഡീസിന്റെ 33ാം വാർഷികവും കോട്ടിങ്ങ് സെറിമണിയും ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു.

ചടങ്ങിൽ ഷോളി അരിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ജെസ്സി സന്ദേശം നൽകി. ബിന്ദു രാജൻ, തനിമ ജോഷി, ബിന്ദു ജോണി എന്നിവർ പ്രസംഗിച്ചു.

തൃശ്ശൂർ ഫ്ളവർ ഷോ 2026

തൃശ്ശൂർ ഫ്ളവർ ഷോയുടെ സംഘാടകരായ ഗ്രീൻ ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ പുഷ്പോത്സവം ജനുവരി 15 മുതൽ 27 വരെ ശക്തൻ ഗ്രൗണ്ടിൽ നടത്തപ്പെടുന്നതാണ്. ഇതിനോടനുബന്ധിച്ച് സ്ഥാപനങ്ങളിലെയും സംഘടനകളിലെയും വീടുകളിലും ഉദ്യാന പരിപാലനത്തിനുള്ള മത്സരം സംഘടിപ്പിക്കുന്നുണ്ട്. മത്സരത്തിൽ പങ്കെടുക്കേണ്ടവർ ഡിസംബർ 25 നു മുമ്പ് സൗജന്യ രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും ബന്ധപ്പെടേണ്ട നമ്പർ 9496168375ആണെന്ന് പബ്ലിസിറ്റി കൺവീനർ പി മുഹമ്മദ്ബാബു അറിയിച്ചു.

മോഷണം

കണ്ടശ്ശാംകടവ്:കാരമുക്ക് കൊല്ലാട്ട് ചിറയത്ത്കുടുംബ ക്ഷേത്രത്തിൽ മോഷണം.ശ്രീ ക്കോവിലിൽ നിന്ന് 2പവൻ സ്വർണ്ണമാല നഷ്ടപ്പെട്ടു.

ആറാം ദിവസവും രാഹുൽ ഒളിവിൽത്തന്നെ; ചുവന്ന കാർ ആരുടെ? നടിയുടെയോ നേതാവിന്റെയോ?

തിരു/പാലക്കാട്: ആറാം ദിവസവും പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കണ്ടെത്താനാകാതെ കേരള പോലീസ്. എംഎൽഎയ്ക്കായി പ്രത്യേക അന്വേഷണസംഘം സംസ്ഥാനത്തിനകത്തും പുറത്തും വ്യാപകമായ തിരച്ചിൽ നടത്തുന്നുണ്ടെങ്കിലും എംഎൽഎ ഒളിവിൽത്തന്നെ തുടരുകയാണ്. അതേസമയം, ബുധനാഴ്ച രാഹുലിന്റെ മുൻകൂർ ജാമ്യഹർജി കോടതി പരിഗണിക്കും. കഴിഞ്ഞ ദിവസം രാഹുൽ ഈശ്വറിന് കോടതി ജാമ്യംനിഷേധിച്ച സാഹചര്യത്തിൽ രാഹുൽ മാങ്കൂട്ടത്തിലിനും ജാമ്യം കിട്ടില്ലെന്നാണ് അന്വേഷണസംഘത്തിന്റെ പ്രതീക്ഷ. ഇതിനൊപ്പം എംഎൽഎയെ എത്രയുംവേഗം കണ്ടെത്തി അറസ്റ്റ് ചെയ്യണമെന്നതും വെല്ലുവിളിയായി തുടരുകയാണ്.

അതിനിടെ, രാഹുൽ മാങ്കൂട്ടത്തിലിനെ പാലക്കാടുനിന്ന് രക്ഷപ്പെടാൻ സഹായിച്ചത് മുതിർന്ന കോൺഗ്രസ് നേതാവാണെന്നും സൂചനയുണ്ട്. ഒരു ചുവന്ന കാറിലാണ് രാഹുൽ പാലക്കാടുനിന്ന് കടന്നുകളഞ്ഞതെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഒരു നടിയുടെ പേരിലുള്ള കാറാണിതെന്നും സൂചനയുണ്ടായിരുന്നു. അതേസമയം, ഈ കാർ ഉപയോഗിച്ചിരുന്നത് രാഹുലിനെ സഹായിച്ച കോൺഗ്രസ് നേതാവാണെന്നും സൂചനയുണ്ട്.

രാഹുൽ മാങ്കൂട്ടത്തിലിനായി സംസ്ഥാനത്തിന് പുറത്തും പ്രത്യേക അന്വേഷണ സംഘത്തിന്റെ തിരച്ചിൽ തുടരുകയാണ്. കോയമ്പത്തൂർ, ബെംഗളൂരു തുടങ്ങിയ നഗരങ്ങൾ കേന്ദ്രീകരിച്ചാണ് സംസ്ഥാനത്തിന് പുറത്ത് തിരച്ചിൽ പുരോഗമിക്കുന്നത്.

അതിനിടെ, ജാമ്യഹർജിക്കൊപ്പം ഉൾപ്പെടുത്താൻ കൂടുതൽ തെളിവുകൾ രാഹുൽ മാങ്കൂട്ടത്തിലിന്റെ അഭിഭാഷകൻ കോടതിയിൽ ഹാജരാക്കി. പരാതിക്കാരിയുമായുള്ള വാട്സാപ്പ് ചാറ്റിന്റെ രേഖകളും ഓഡിയോ, വീഡിയോ ക്ലിപ്പുകളാണ് ഹാജരാക്കിയത്.

ടി എൻ സുനിലിന് യാത്രയയപ്പ് നൽകി

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട അഡീഷ്ണൽ ജില്ലാ ആന്റ് സെഷൻസ് കോടതി/ എംഎസിടി സീനിയർ ക്ലാർക്ക് ടി എൻ സുനിൽ, 36 വർഷത്തെ സുദീർഘ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും സ്വയം വിരമിച്ചു. ഇതോടനുബന്ധിച്ച് അഡീഷ്ണൽ ജില്ലാ കോടതി ഹാളിൽ സഹപ്രവർത്തകർ ഊഷ്മളമായ യാത്രയയപ്പ് നൽകി. അഡീഷ്ണൽ ജില്ലാ ജഡ്ജ് വിനോദ്കുമാർ മുഖ്യാതിഥിയായി ചടങ്ങിൽ ആധ്യക്ഷം വഹിച്ചു.ഫാമിലി കോടതി ജഡ്ജി റിനോ ഫ്രാൻസിസ് സേവിയർ, സബ് ജഡ്ജ് രമ, സബ് കോടതി ശിരസ്തദാർ എം കെ മിനി, ഫാമിലി കോടതി ജെ എസ് ബിനി, എം എ സി ടി ജെ എസ് യൂജിൻ തുടങ്ങിയവർ ആശംസകൾ നേർന്നു.സുനിൽ സമുചിതമായി മറുപടി പറഞ്ഞു.

മൂന്നുപേർക്ക് കുത്തേറ്റു

തൃശ്ശൂർ: പേരാമംഗലത്ത് ഹോൺ അടിച്ചതിനെ ചൊല്ലി തർക്കം; മൂന്നുപേർക്ക് കുത്തേറ്റു. അച്ഛനും മകനും സുഹൃത്തിനുമാണ് കുത്തേറ്റത്. ആക്രമണം നടത്തിയ കേച്ചേരി സ്വദേശി കൃഷ്ണ കിഷോർ ഒളിവിൽ.

റോവർ – ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഷോളയാർ ഉന്നതിയിൽ മെഡിക്കൽ ക്യാമ്പും തയ്യൽ പരിശീലന കേന്ദ്രവും

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം റോവർ- ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഷോളയാർ ഉന്നതിയിലെ കുടുംബങ്ങൾക്കു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും സ്ത്രീകൾക്ക് തയ്യൽ പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്തു. ഉന്നതി കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ റിജേഷ് ഉദ്ഘാടനം നിർവഹിച്ചു. ചാലക്കുടി ടൗൺ റോട്ടറി ക്ലബ് പ്രസിഡന്റ് അഡ്വ കുഞ്ഞുമോൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വാഴച്ചാൽ റേഞ്ച് ഓഫീസർ ആൽബിൻ ആന്റണി മുഖ്യതിഥി ആയിരുന്നു. ടൗൺ റോട്ടറി ക്ലബ് ചാർട്ടർ പ്രസിഡന്റ് പി ഡ് ദിനേശ് സ്വാഗതം ആശംസിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഡോ. എ .വി . രാജേഷ്, റോവർ ലീഡർ ഡോ വി ആർ ദിനേശൻ, ഗൈഡ്സ് ക്യാപ്റ്റൻ ടി.എൻ.പ്രസീദ , കെ ആർ രാജേഷ് എന്നിവർ പങ്കെടുത്തു. ചാലക്കുടി ടൗൺ റോട്ടറി ക്ലബ്ബും അപ്പോളോ ആഡ്ലക്സ് ആശുപത്രിയും കടവന്ത്ര ഗിരിധർ കണ്ണാശുപത്രിയും ചേർന്നാണ് പദ്ധതികൾ നടപ്പാക്കിയത്.

വിനോദയാത്ര, വാഗ്ദാനങ്ങൾ പാലിച്ചില്ല, കുടുംബത്തിന് 49500 രൂപ നൽകുവാൻ വിധി

തൃശൂർ: വിനോദയാത്രയിൽ, വാഗ്ദാനങ്ങൾ പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാർക്ക് അനുകൂല വിധി. കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തുള്ള ശ്രീ ദുർഗ്ഗയിലെ എ.അജിത, മകൾ അപർണ്ണ ,ചെറുമകൻ ഇഷാൻ.ഡി.നായർ എന്നിവർ ഫയൽ ചെയ്ത ഹർജിയിലാണ് എറണാകുളത്തുള്ള മലബാർ ടൂർസ് ഏൻഡ് ട്രാവൽസ് ഉടമക്കെതിരെ ഇപ്രകാരം വിധിയായത്. ഹർജിക്കാർ, എതിർകക്ഷി സംഘടിപ്പിച്ച ജമ്മു കാശ്മീർ പാക്കേജ് ടൂറിലാണ് പങ്കെടുക്കുകയുണ്ടായത്.

വാഗ്ദാനം ചെയ്തത് പോലെ താമസസൗകര്യങ്ങളും ഭക്ഷണവും ഏർപ്പാടാക്കിയിരുന്നില്ല. ഹൗസ് ബോട്ടിലെ താമസം, ഗോണ്ടോള റൈഡ് എന്നീ വാഗ്ദാനങ്ങളും പാലിക്കുകയുണ്ടായില്ല. യഥാസമയങ്ങളിൽ പരാതിപ്പെട്ടിട്ടും ഫലമുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. എതിർകക്ഷിയുടെ പ്രവൃത്തി സേവനത്തിലെ വീഴ്ചയും അനുചിത ഇടപാടും ആണെന്നും കോടതി വിലയിരുത്തി. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാർക്ക് നഷ്ടപരിഹാരമായി 45000 രൂപയും ചിലവിലേക്ക് 4500 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാർക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

മുഖ്യ തെരെഞ്ഞെടുപ്പ് കമ്മീഷണർക്ക് പരാതി

തൃശൂർ: തെരെഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് പെരുമാറ്റ ചട്ടം നിലവിൽ വന്ന ശേഷം തൃശൂർ കോർപറേഷനിൽ കൗൺസിൽ യോഗം വിളിച്ച സംഭവത്തിൽ തെരെഞ്ഞെടുപ്പ് കമ്മീഷന്റെ അന്വേഷണവും നടപടിയും വേണമെന്ന് ആവശ്യപ്പെട്ട് മുഖ്യ തെരെഞ്ഞെടുപ്പ് കമ്മീഷണർക്ക് പരാതി.

ഹൈക്കോടതി അഭിഭാഷകനും പൊതു പ്രവർത്തകനുമായ അഡ്വ. കുളത്തൂർ ജയ്സിങ് ആണ് ഇത് സംബന്ധിച്ച പരാതി മുഖ്യ തെരെഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാന് നൽകിയത്. സംഭവത്തിൽ അടിയന്തിര അന്വേഷണവും നടപടിയും ആവിശ്യമാണ്. പെരുമാറ്റ ചട്ടം വന്ന ശേഷവും ചില സ്ഥലങ്ങളിൽ ഭരണ സമിതികൾ ഓഫീസും മറ്റ് സൗകര്യങ്ങളും വിനിയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർ കാഴ്ചക്കാരായി നിൽക്കുകയാണെന്നും അഡ്വ. കുളത്തൂർ ജയ്സിങ് പരാതിയിൽ ചൂണ്ടികാട്ടുന്നു. ഇതിനുമേലും കമ്മിഷന്റെ ഇടപെടൽ വേണമെന്നും പരാതിയിൽ ആവശ്യമുണ്ട്.

പേപ്പർ ബാഗുകൾ വിതരണം ചെയ്തു

കാറളം : കാറളം വിഎച്ച്എസ് സ്കൂളിലെ വിഎച്ച്എസ് ഇ വിഭാഗം എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹരിതം ജീവനം പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി എൻഎസ്എസ് വളണ്ടിയേഴ്സ് പേപ്പർ ബാഗുകൾ നിർമ്മിക്കുകയും ഗ്രാമത്തിലെ കടകളിൽ വിതരണം ചെയ്യുകയും ചെയ്തു. 250 പേപ്പർ ബാഗുകൾ ആണ് കുട്ടികൾ നിർമ്മിച്ച്വിതരണം ചെയ്തത്. പ്രോഗ്രാം ഓഫീസർ ശ്രീമതി മായാദേവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ദ്വിദിനപരിശീലന ക്യാമ്പ് സമാപിച്ചു

കുട്ടനെല്ലൂർ: പുത്തൂർ ഫൊറോന സി എൽ സി വലക്കാവ് സെൻറ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ച ദ്വിദിനപരിശീലന ക്യാമ്പ് സമാപിച്ചു. ലഹരിയെ തടയാൻ വായനയും എഴുത്തും ശീലമാക്കുമെന്ന് പ്രവർത്തകർ പ്രതിജ്ഞ ചെയ്തു 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫീസർ മേജർ പി.ജെ. സ്റ്റൈജു സെമിനാറിനും പ്രതിജ്ഞക്കും നേതൃത്വം നല്കി. പുത്തൂർ ഫോറാന പ്രമോട്ടർ ഫാദർ ബെന്നി കിടങ്ങൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പുത്തൂർ ഫോറാനയിലെ വിവിധ ഇടവകകളിൽ നിന്നായി അമ്പതോളം വിദ്യാർത്ഥികൾ ക്യാമ്പിൽപങ്കെടുത്തു

രാഷ്ട്രീയം മറന്ന് വോട്ടുചെയ്യണം ടി.എം. കുഞ്ഞുമൊയ്തീൻ

തൃശൂർ: സർക്കാർ ജീവനക്കാരുടെയും, പെൻഷൻകാരുടെയും അവകാശങ്ങൾ, നിഷേധിച്ചും, തടഞ്ഞു വെച്ചും, യഥാസമയങ്ങളിൽ അനുവദിക്കാതെയും, ഭരണം നടത്തുന്ന ഇടതുഭരണത്തിനെതിരെ മുഴുവൻ ജീവനക്കാരും പെൻഷൻകാരും രാഷ്ട്രീയം നോക്കാതെ യു ഡി എഫ് ഭരണത്തിനായി വോട്ടു ചെയ്യണമെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ തൃശൂർ ബ്ലോക്ക് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസ്ഥാന സെക്രട്ടറി ടി.എം. കുഞ്ഞുമൊയ്തീൻ അധികാരതുടർച്ചക്കായി സർക്കാർ അനുവർത്തിച്ചുവരുന്ന ഹീനമായ നടപടി ക്രമങ്ങളും, അധികാരദുർവിനിയോഗവും ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ടെന്നും. തെരഞ്ഞെടുപ്പ് വിധി യു ഡി എഫിന് അനുകൂലമായി വരുത്തുന്നതിന് പെൻഷൻകാർ പൂർണ്ണമായും രംഗത്ത് വരണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കനകപ്പിള്ളി ഗോപിനാഥൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സി. അച്ചുകുട്ടൻ സ്വാഗതം പറഞ്ഞു. സെക്രട്ടറി പി കെ. രാധാകൃഷ്ണൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വി. ജയചന്ദ്രൻ വരവുചെലവ് കണക്കുകൾ അവതരിപ്പിച്ചു. എം എസ് രാധാകൃഷ്ണൻ പ്രമേയങ്ങൾ അവതരിപ്പിച്ചു. ആശംസകൾ നേർന്നുകൊണ്ട് ജില്ലാ പ്രസിഡന്റ് കെ. ജി. ഉണ്ണികൃഷ്ണൻ, പി എസ് സുന്ദരൻ. എ ജി നാരായണൻ, വി സി ജോൺസൺ, ജില്ലാ സെക്രട്ടറി ഡേവിഡ് സ്റ്റീഫൻ, പി ആർ സത്യനാഥൻ, കെ മോഹനസുധൻ, ഐ. മുഹമ്മദ് മാസ്റ്റർ നദീറ, കെ.ഡി.മേരി, ജെസി തരകൻ, ഭാരതി, മാർഗരറ്റ് ടീച്ചർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ കനകപ്പിള്ളി ഗോപിനാഥൻ (പ്രസിഡണ്ട്) പി കെ രാധാകൃഷ്ണൻ (സെക്രട്ടറി), സി.എ.പീറ്റർ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ തിരഞ്ഞെടുത്തു. സമ്മേളനത്തിന് പി എസ് ഭവാനി നന്ദി രേഖപ്പെടുത്തി.

ക്രിസ്തുമസ് ആഘോഷത്തിന് അവസരമൊരുക്കണം: കെഎഎച്ച്എസ്ടിഎ

ഇരിങ്ങാലക്കുട: ഹയർസെക്കൻററി പരീക്ഷകൾ രണ്ടുഘട്ടങ്ങളിലായി നടത്തപ്പെടുന്ന സാഹചര്യത്തിൽ ഡിസംബർ 23 നുള്ള പരീക്ഷകൾ ജനുവരിയിലേക്ക് മാറ്റി അന്നേ ദിവസം വിദ്യാലയങ്ങളിൽ ക്രിസ്തുമസ് ആഘോഷത്തിനുള്ള അവസരം ഒരുക്കണമെന്ന് കേരള എയ്ഡഡ് ഹയർസെക്കൻററി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു.പ്രസിഡൻറ് സി.പി.ജോബി അദ്ധ്യക്ഷനായിരുന്നു.

സംസ്ഥാന സെക്രട്ടറി എൻ.പി.ജാക്സൻ, കെ.എഫ്.ബാബു, കെ.എഫ്.സുധീർ, ഡോ.ജോൺ റാഫേൽ, ബാസ്റ്റിൻ ജോർജ്ജ്, കെ.ബി.പുഷ്പ എന്നിവർ സംസാരിച്ചു .

വാരിയർ സമാജം വനിതാ സംഗമം നടത്തി

ഗുരുവായൂർ : സമസ്ത കേരള വാരിയർ സമാജം ജില്ല വനിതാ വേദിയുടെ ആഭിമുഖ്യത്തിൽ സമാജം അക്ഷയ ഹാളിൽ നടന്ന വനിതാസംഗമം കേന്ദ്ര വനിതാ വേദി പ്രസിഡണ്ട് ടി.കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. വനിതാ വേദി ജില്ല പ്രസിഡണ്ട് ഉഷ ദാസ് അധ്യക്ഷത വഹിച്ചു. കേന്ദ്ര വനിതാ വേദി സെക്രട്ടറി കെ.വി. ചന്ദ്രിക വാരിയർ മുഖ്യ പ്രഭാഷണം നടത്തി. കേന്ദ്ര ട്രഷറർ വി. വേണുഗോപാലൻ, രജനീഷ് . ആർ . വാര്യർ, കെ. ഉണ്ണികൃഷ്ണവാര്യർ , വി.വി. സതീശൻ, പുഷ്പലത മണികണ്ഠൻ ,ഗോപിക , രാജലക്ഷ്മി വിജയൻ എന്നിവർ പ്രസംഗിച്ചു. പി.രമാദേവി വാരസ്യാർ , ശശികല ശശികുമാർ എന്നിവരെ ആദരിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങളുടെ അവകാശപത്രിക നടപ്പിലാക്കണം

തൃശൂർ: നാടിന്റെ ഗ്രാമങ്ങളിൽ വികസനത്തിലും, ക്ഷേമപ്രവർത്തനങ്ങളിലും നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് അർഹമായ പെൻഷനും,ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാനായി കേരള സർക്കാരിന് സമർപ്പിച്ച അവകാശ പത്രിക അടിയന്തരമായി നടപ്പിലാക്കണമെന്ന് ഓൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ ജനറൽ ബോഡി നേതൃത്വ സംഗമം ആവശ്യപ്പെട്ടു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്.പ്രിൻസ് ഉദ്ഘാടനം ചെയ്തു.

ഓൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് കരീം പന്നിത്തടം അധ്യക്ഷത വഹിച്ചു. അസോസിയേഷൻ ഭാരവാഹികളായ സി.എൻ. ഗോവിന്ദൻകുട്ടി,വികാസ് ചക്രപാണി,ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിൽ പറമ്പിൽ,ജില്ലാ പഞ്ചായത്ത് മെമ്പർ എ.വി.വല്ലഭൻ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് ഫാത്തിമ അബ്ദുൽ ഖാദർ,വി.കെ.സുലൈമാൻ, സി. സേതുമാധവൻ, ഡേവിസ് പുത്തൂർ, സി. ആർ.ഷൈലജ, ഖദീജ പുതിയവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

ജില്ലാ ഭാരവാഹികളായി കരീം പന്നിത്തടം (പ്രസിഡണ്ട്) വി.എസ്. പ്രിൻസ് (ജനറൽ സെക്രട്ടറി)വികാസ്ചക്രപാണി (ട്രഷറർ) സി.എൻ.ഗോവിന്ദൻകുട്ടി, സി.വി.കുരിയാക്കോസ്, എ.വി.വല്ലഭൻ (വൈസ് പ്രസിഡന്റുമാർ) വി.ടി. ആന്റണി(ഓർഗനൈസെക്രട്ടറി)റഹീം വീട്ടി പറമ്പിൽ,ഷൈനി കൊച്ചുദേവസ്സി സെക്രട്ടറിമാർ എന്നിവരെ തിരഞ്ഞെടുത്തു

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി ആർബിട്രേറ്റർ / ചിട്ടി രജിസ്ട്രാർ മുമ്പാകെ

Dispute No.20/2025

ചേരമാൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാർ

1) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ അബ്ദുൾജബ്ബാർ മകൻ 35 വയസ് ഗൾഫ് ഹുസൈൻ
2) കൊടുങ്ങല്ലൂർ താലൂക്ക് കൂളുമുട്ടം വില്ലേജ് ടി ദേശത്ത് വടക്കനോലി അബ്ദുൾകാദർ മകൻ 54 വയസ് ഹനീഫ
3) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ ഹുസൈൻ ഭാര്യ 23 വയസ് റൈഹാനത്ത് 4) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് തോട്ടുപ്പുറത്ത് കാസിം മകൻ 32വയസ് ബിസിനസ് മിദിലാജ് 5) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ അബ്ദുൾജബ്ബാർ മകൻ ഏകദേശം 32 വയസ് മനാഫ്

- എതൃകക്ഷികൾ

കുറി കരാർ പ്രകാരം വരേണ്ട സംഖ്യയ്ക്കും മറ്റുമാണ് ഈ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ ഹരജി **16-12-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് ബഹു. ചിട്ടി ആർബിട്രേറ്റർ/ചിട്ടി രജിസ്ട്രാർ തൃശൂർ മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്ത പക്ഷം എതൃകക്ഷികളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുമെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 1-12-2025
ഹരജിഭാഗം അഡ്വക്കേറ്റ്
എം ജി സതീഷ്പ്രഭു (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി ആർബിട്രേറ്റർ / ചിട്ടി രജിസ്ട്രാർ മുമ്പാകെ

Dispute No.19/2025

ചേരമാൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാർ

1) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ അബ്ദുൾജബ്ബാർ മകൻ 35 വയസ് ഗൾഫ് ഹുസൈൻ
2) കൊടുങ്ങല്ലൂർ താലൂക്ക് കൂളിമുട്ടം വില്ലേജ് ടി ദേശത്ത് വടക്കനോലി അബ്ദുൾകാദർ മകൻ 54 വയസ് ഹനീഫ
3) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ ഹുസൈൻ ഭാര്യ 23 വയസ് റൈഹാനത്ത് 4) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് തോട്ടുപ്പുറത്ത് കാസിം മകൻ 32വയസ് ബിസിനസ് മിദിലാജ് 5) കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ് ചളിങ്ങാട് ദേശത്ത് മതിലകത്തുവീട്ടിൽ അബ്ദുൾജബ്ബാർ മകൻ ഏകദേശം 32 വയസ് മനാഫ്

- എതൃകക്ഷികൾ

കുറി കരാർ പ്രകാരം വരേണ്ട സംഖ്യയ്ക്കും മറ്റുമാണ് ഈ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ ഹരജി **16-12-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് ബഹു. ചിട്ടി ആർബിട്രേറ്റർ/ചിട്ടി രജിസ്ട്രാർ തൃശൂർ മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്ത പക്ഷം എതൃകക്ഷികളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുമെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 1-12-2025
ഹരജിഭാഗം അഡ്വക്കേറ്റ്
എം ജി സതീഷ്പ്രഭു (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി ആർബിട്രേറ്റർ / ചിട്ടി രജിസ്ട്രാർ മുമ്പാകെ

Dispute No. 28/2025

ചേരമാൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാർ

1) കൊടുങ്ങല്ലൂർ താലൂക്ക് താലൂക്ക് മേത്തല വില്ലേജ് ശൃംഗപുരം ദേശത്ത് ചിരട്ടപുരക്കൽ വിനോദ് ഭാര്യ 36 വയസ് സ്കൂൾ സ്റ്റാഫ് (ഓറ എഡിഫൈ) സൗമ്യ വിനോദ്
2) കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് ശൃംഗപുരം ദേശത്ത് ചിരട്ടപുരക്കൽ വിജയൻ മകൻ 37 വയസ് കൂലിപ്പണി വിനോദ്
3) കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് നന്തിക്കാട്ട് അരവിന്ദാക്ഷൻ മകൻ 47 വയസ് ബിസിനസ് ഗിരീഷ്കുമാർ
4) കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് ടി ദേശത്ത് പന്തലിപ്പാടത്ത് ഇബ്രാഹിം മകൻ 46 വയസ് ഓട്ടോ ഡ്രൈ